സുസ്ഥിര നഗരവികസന പദ്ധതി

91 (2924) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര നഗരവികസന പദ്ധതികൾ നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്ര പശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കേരള സുസ്ഥിര നഗരവികസന പദ്ധതി അഞ്ച് നഗരസഭകളിലായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ 46 എണ്ണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 6 ജലസേചന പദ്ധതികളും 2 സ്വീവറേജ് പദ്ധതികളും 4 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളും 9 റോഡ് പ്രവൃത്തികളും, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട 25 പാക്കേജുകൾക്ക് സാമഗ്രികൾ വാങ്ങി നൽകിയതും ഉൾപ്പെടുന്നു. 19 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അവയിൽ 2 ജലവിതരണ പദ്ധതികളും 11 സ്വീവറേജ് പദ്ധതികളും 5 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളും 5 ഖരമാലിന്യ പദ്ധതികളും ഒരു റോഡ് പ്രവൃത്തിയും ഉൾപ്പെടുന്നു. ഇവകൂടാതെ ചേരി വികസനത്തിനായി കമ്മൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് 429 പദ്ധതികൾ പൂർത്തീകരിക്കുകയും 15 പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരികയും ചെയ്യുന്നു. ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തലത്തിലും നഗരസഭാ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നഗരകാര്യമന്ത്രി ചെയർമാനായി നിലവിലുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കി വരുന്നു.

കെട്ടിട നിർമ്മാണം

92 (2925) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ, നന്തൻകോട് വാർഡ്, ഈസ്റ്റ് ക്ളിഫ് ലെയിൻ, അബ്ദുൾ ഖാദർ മകൻ ആസിഫ് 4 സെന്റ് വസ്തുവിൽ മൂന്ന് നില കെട്ടിടം പണിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് കോർപ്പറേഷനിൽ നിന്നും പ്ലാൻ അനുമതി വാങ്ങിയിട്ടുണ്ടോ; റസിഡൻഷ്യൽ അല്ലെങ്കിൽ വാണിജ്യാവശ്യങ്ങൾക്കാണോ കോർപ്പറേഷൻ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്ലാനിൽ പറയുന്ന രീതിയിലാണോ കെട്ടിടം പണിയുന്നത്; അതോ വയലേഷൻ നടത്തിയിട്ടുണ്ടോ;

(ഡി) റോഡിൽ നിന്നും തൊട്ടടുത്തുള്ള വീടുകളിൽ നിന്നും നിശ്ചിത അകലം വിടണമെന്ന നിലവിലുള്ള ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് അടുത്ത വീട്ടുകാരുടെ പരാതി കോർപ്പറേഷൻ അധികാരികൾക്ക് കിട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(എഫ്) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; പ്രസ്തുത ബിൽഡിങ്ങിനെക്കുറിച്ചും പ്ലാനിനെക്കുറിച്ചും വേണ്ട പരിശോധന നടത്തുമോ?

ഉത്തരം

(എ ആന്റ് ബി) നഗരസഭയിൽനിന്നും ഇരുനില വാസഗൃഹ നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്.

(സി) അംഗീകൃത പ്ലാനിന് വിരുദ്ധമായി ചട്ടലംഘനത്തോടെ നിർമ്മാണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly